ഏകീകൃത സിവിൽകോഡും ജനാധിപത്യ ശക്തികളും

സി. പി. ഐ (എം. എൽ)
റെഡ് ഫ്ളാഗ് സംസ്ഥാനകമ്മററി

ആമുഖം

അയോദ്ധ്യയിൽ സംഘപരിവാർ രാമക്ഷേത്രം പടുത്തുയർത്തുന്ന ചിത്രം മാദ്ധ്യമങ്ങളിൽ സ്ഥാനം പിടിക്കുകയും കാശ്മീർ താഴ്‌വരയിൽ ചരാരെ ഷെരീഫ് പള്ളിയും ശവകുടീരങ്ങളും ഒരു പിടി ചാരമാകുകയും ചെയ്ത സന്ദർഭത്തിലാണ് സിവിൽ കോഡ് വിവാദം വീണ്ടും ഉയർന്നുവന്നിരിക്കുന്നത്. നമ്മുടെ മാതൃഭൂമിയിൽ ന്യൂനപക്ഷ വിഭാഗങ്ങളുടെ സാന്നിദ്ധ്യത്തെപ്പോലും അങ്ങേയററം വെറുക്കുന്ന വിഭാഗക്കാർ ഏക സിവിൽകോഡ് അടിയന്തിരമായി നടപ്പാക്കണമെന്ന് വീറോടെ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഒരു വിഭാഗം യുക്തിവാദികളും 'ശുദ്ധ' മതേതര വാദികളും ഇതേ മുദ്രവാക്യം ഈ രീതിയിൽ ഉയർത്തുന്നത് പുരോഗമനപരമാണെന്ന് തെററിദ്ധരിച്ചുകൊണ്ട് യാന്ത്രികമായി ഉയർത്തിപ്പിടിക്കുന്നുണ്ട്. ഇന്ത്യയിലെ ന്യൂനപക്ഷ മതവിഭാഗങ്ങൾ പൊതുവിലും മുസ്ലീം ന്യൂനപക്ഷവിഭാഗം പ്രത്യേകിച്ചും ഇതിനെ തികച്ചും ആശങ്കയോടെ നോക്കിക്കൊണ്ടിരിക്കുന്നു. ഇന്ത്യയിലെ ഏററെക്കുറെ എല്ലാ മുസ്ലീം സംഘടനകളും ശരീഅത്ത് സംരക്ഷണം തങ്ങളുടെ സാമൂഹ്യമായ അസ്തിത്വത്തിന്റെ പ്രശ്നമായിട്ടാണ് അവതരിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതായത്, ഏകീകൃത സിവിൽകോഡ് ഇന്ത്യയുടെ നിലനില്പിന് തന്നെ ഭീഷണിയായിത്തീരും എന്നൊരു വിഭാഗക്കാർ വ്യാകുലപ്പെടുമ്പോൾ ഏക സിവിൽകോഡ് വഴി മാത്രമേ ദേശീയോദ്ഗ്രഥനം സാദ്ധ്യമാക്കാനാവൂ എന്ന് മറുവിഭാഗക്കാർ ആക്രോശിക്കുന്നു. ഇന്ത്യയുടെ ഐക്യവും അഖണ്ഡതയും സ്വാതന്ത്ര്യവും പുരോഗതിയും മററും ആഗ്രഹിക്കുന്ന പുരോഗമന ജനാധിപത്യ ശക്തികളും സംഘടനകളും ഈയവസ്ഥയെ ഗൗരവപൂർവ്വം കാണുകയും രാഷ്ട്രീയമായിടപെടുകയും ചെയ്യേണ്ടിയിരിക്കുന്നു.

മാററത്തിൻെറ ആവശ്യകത

സാമൂഹ്യപുരോഗതി ലക്ഷ്യം വെക്കുന്ന ആർക്കും സമൂഹത്തിൽ ഇന്ന് നിലനില്ക്കുന്ന വിവാഹ കുടുംബ നിയമങ്ങളും പ്രാകൃതമായ ദായക്രമങ്ങളും മററും പരിഷ്ക്കരിക്കുകയും മാററിത്തീർക്കുകയും ചെയ്യുന്നതിൻെറ ആവശ്യകതയെ അംഗീകരിക്കാതിരിക്കാനാവില്ല. ഇന്ന് ഇന്ത്യയിൽ നിലനില്ക്കുന്ന ഫ്യൂഡലും അർദ്ധഫ്യൂഡലും ഗോത്ര സ്വഭാവത്തോടുകൂടിയതും മററുമായ എല്ലാ മുതലാളിത്ത പൂർവ്വബന്ധങ്ങളെയും ഉച്ചാടനം ചെയ്തുകൊണ്ടു മാത്രമേ നമ്മുടെ സമൂഹത്തെ ജനാധിപത്യവല്ക്കരിക്കാനാവുകയുള്ളു. ഇത്തരം ഒരു ജനാധിപത്യ പ്രക്രിയയുടെ ഭാഗമായിട്ടാണ് ലോകമെങ്ങും തന്നെ പുരോഗമന സ്വഭാവത്തിലുള്ള സിവിൽകോഡുകൾ നിലവിൽ വന്നിട്ടുള്ളത്. മദ്ധ്യകാല പൗരോഹിത്യ നാട്ടുവാഴിത്ത നിയമങ്ങൾ ഏതു വിധേനയും നിലനിർത്താനായി, സാമൂഹ്യ പുരോഗതിയെ എതിർക്കുന്ന പ്രതിലോമ ശക്തികൾ ഒട്ടുമിക്ക മൂന്നാം ലോക രാജ്യങ്ങളിലും, മതശാസനകൾ വഴിയും മററും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പുരോഗമന ശക്തികളാകട്ടെ ദേശ കാലാടിസ്ഥാനത്തിൽ ഈ നിയമങ്ങൾ പരിഷ്ക്കരിക്കാൻ വേണ്ടി പോരാടിക്കൊണ്ടിരിക്കുകയുമാണ്. മതശാസനകൾ പൂർണ്ണമാണെന്നും മാററം ആവശ്യമില്ലെന്നും എല്ലാ സാമൂഹ്യ തിന്മകളും ഇല്ലാതാക്കാനുള്ള ഏക വഴി ഇത് അതേപടി നടപ്പിലാക്കലാണെന്നും എല്ലാ മത മൗലികവാദികളും ഒരേ സ്വരത്തിൽ വിളിച്ചു പറയുന്നു. സാമൂഹ്യസമത്വവും സ്വാതന്ത്ര്യവും മററും ലക്ഷ്യം വെച്ചുകൊണ്ട് പ്രവർത്തിക്കുന്ന ആർക്കും തന്നെ ഈ വാദഗതിയെ അതേപടി അംഗീകരിക്കാനാവില്ല. എല്ലാ മതമൗലികവാദികളും അവരുടെ സാമ്രാജ്യത്വ യജമാനൻമാരുടെ താല്പര്യാനുസരണം മതശാസനകളിൽ അധിഷ്ഠിതമായ പ്രാകൃത നിയമങ്ങൾ നിലനിർത്താൻ വേണ്ടി കഠിന പ്രയത്നം നടത്തുന്നുണ്ടെങ്കിലും ലോകത്തെങ്ങും തന്നെ മതഗ്രന്ഥങ്ങളിലും പ്രവാചകന്മാരുടെ വചനങ്ങളിലും മററുമുള്ള രീതിയിൽ നിയമങ്ങൾ കാലദേശങ്ങളെ അതിജീവിച്ചു നിലനില്ക്കുന്നില്ലെന്നതാണ് യാഥാർത്ഥ്യം.

ഇന്നത്തെ സാഹചര്യം

ആദ്യ ഭാര്യ നിലനില്ക്കെ, രണ്ടാം വിവാഹം നടത്തുന്ന

തിന് വേണ്ടി മതപരിവർത്തനം നടത്തിയ ചില ഭർത്താക്കന്മാർക്കെതിരെ ഭാര്യമാരുടെ പരാതിയുടെ അടിസ്ഥാനത്തിൽ സുപ്രീംകോടതിയുടെ വിധിയും ഏകീകൃത സിവിൽകോഡിനെക്കുറിച്ചുള്ള ആനുഷംഗിക പരാമർശങ്ങളുമാണ് ഇന്ന് ഇന്ത്യയാകെ സിവിൽകോഡ് വിവാദത്തിന് തിരി കൊളുത്തിയിരിക്കുന്നത്. ഇന്ത്യയിലും കേരളത്തിലും മുസ്ലീം ജനസാമാന്യത്തിനിടയിൽ സ്വാധീനശക്തിയുള്ള ശ്രദ്ധേയരായ രാഷ്ട്രീയ മതനേതാക്കളെല്ലാം തന്നെ ഏകീകൃത സിവിൽകോഡിനെ ശക്തമായ ഭാഷയിൽതന്നെ വിമർശിച്ചിരിക്കുകയാണ്. ഇബ്രാഹിം സുലൈമാൻ സേട്ട് പറയുന്നത് ഇങ്ങനെയാണ്. "ഏകീകൃത സിവിൽ നിയമമെന്ന് പറയുന്നത് ഇസ്ലാമിക ശരീഅത്തിനെ നിരാകരിക്കുന്ന ഒന്നാണ്, അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ മുസ്ലീങ്ങൾ വിട്ടുവീഴ്ച്ചയ്ക്കോ ഒത്തുതീർപ്പിനോ ഒരുങ്ങുന്ന പ്രശ്നമേയില്ല. ഇവിടെ ഒരു ചോദ്യം സ്വാഭാവികം. ശരീഅത്തും മുസ്ലീങ്ങളും തമ്മിലെന്ത് ബന്ധം? മുസ്ലീം വിശ്വാസിയെ സംബന്ധിച്ചിടത്തോളം മതത്തിൻെറ തന്നെ അവിഭാജ്യഘടകമാണ് ശരീഅത്ത്. ദൈവദത്തമായ നിയമനിർദ്ദേശങ്ങളാണിത്. വിശുദ്ധഗ്രന്ഥമായ ഖുറാൻെറയും പ്രവാചക ജീവിതചര്യയുടെയും അന്തസ്സത്തയിൽ രൂപപ്പെട്ടത്തിയ ശരീഅത്ത് നിയമങ്ങൾ മാററിമറിക്കാനുള്ള ഏതൊരു നീക്കത്തെയും പ്രതിരോധിക്കാൻ ഒരു മുസ്ലീം ബാദ്ധ്യസ്ഥനാണ്". (മാധ്യമം 6-6-95) തിരൂരങ്ങാടി തിരഞ്ഞെടുപ്പിൻെറ ഘട്ടത്തിൽ ഐ എൻ എൽ-ൻെറ പിന്തുണ ആവശ്യപ്പെട്ട ഇടതു മുന്നണിയോട് സേട്ടുവും കൂട്ടരും പറഞ്ഞത് തങ്ങളെ മതനിരപേക്ഷ സംഘടനയായി പ്രഖ്യാപിക്കണമെന്നാണ്. ഇടതുപക്ഷ മുന്നണിയിൽ പങ്കാളിയാകാനും മതനിരപേക്ഷതയുടെ ലേബലും ആഗ്രഹിക്കുന്ന സേട്ട് സിവിൽകോഡിനെ സംബന്ധിച്ച തൻെറ നിലപാടിൽ വിട്ടുവീഴ്ച്ച അല്പം പോലും ഇട നൽകുന്നില്ല. വലതുമുന്നണിയുടെ ഭാഗത്ത് അടിയുറച്ച് നിൽക്കുന്ന രാഷ്ട്രീയ/മതനേതാവായ പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ പറയുന്നത് "ഭരണഘടനയിലെ മാർഗ്ഗനിർദ്ദേശക തത്വങ്ങളിലൊന്നു മാത്രമായ 44-ാം വകുപ്പിനെപ്പിടിച്ചാണ് ഈ വിവാദങ്ങൾ ഇടയ്ക്കിടെ തലപൊക്കുന്നത്. ഇത് സ്ഥിരമായി നിലനിർത്താൻ എന്നും ചില തല്പര കക്ഷികൾ ശ്രമിക്കുകയും ചെയ്യുന്നു. ഇതിൻെറ പരിഹാരത്തിന് രണ്ട് മാർഗ്ഗങ്ങളേയുള്ളു. ഒന്ന്, ഈ വകുപ്പ് ഭരണഘടനയിൽ നിന്ന് എടുത്തു

കളയുക. അല്ലെങ്കിൽ ഇതിന്റെ പരിധിയിൽനിന്ന് മുസ്‌ലീങ്ങളെ ഒഴിവാക്കുക. ഉത്തരവാദപ്പെട്ടവർ താമസിയാതെ ഇക്കാര്യം പരിഗണിക്കണമെന്നാണ് ഇന്ത്യയിലെ മുസ്‌ലീങ്ങൾ താല്പര്യപ്പെടുന്നത്." (മാതൃഭൂമി ആഴ്ചപ്പതിപ്പ്. ലക്കം 19) വളരെ മിതമായ ഭാഷ ഉപയോഗിച്ചുകൊണ്ടുതന്നെ ഭാവിയിൽ ഒരു ഏകീകൃത സിവിൽകോഡിന്റെ സാദ്ധ്യതയെത്തന്നെ ശ്രീ. തങ്ങൾ നിരാകരിച്ചിരിക്കുകയാണ്,

ഇന്ത്യൻ ജമാ അത്തെ ഇസ്‌ലാമിയുടെ ഉപാദ്ധ്യക്ഷനും ജസ്റ്റിസ് താർക്കുണ്ടെ അദ്ധ്യക്ഷനായുള്ള ഫോറം ഫോർ ഡെമോക്രസി ആൻറ് കമ്മ്യൂണൽ അമിററിയുടെ ജനറൽ സെക്രട്ടറിയുമായ മൗലാനാശഫീക്ക് മുനീസ് പറയുന്നു. "ഏതായാലും ഭരണഘടനയെ മുൻനിർത്തി വിദഗ്‌ധരുടെ മേൽനോട്ടത്തിൽ ഗുണപരമായ ഒരു ചർച്ച അനിവാര്യമാണെന്ന് തോന്നുന്നു. പററുമെങ്കിൽ ഭരണഘടനയുടെ 44-ാം ഖണ്ഡികയിൽ നിന്ന് ഏകീകൃത സിവിൽ നിയമമെന്ന ആശയം തന്നെ എടുത്തുമാററുക. അതെല്ലെങ്കിൽ ചുരുങ്ങിയ പക്ഷം മറെറാന്ന് ചെയ്യുക, ഏകീകൃത സിവിൽകോഡ് ആഗ്രഹിക്കാത്ത മതന്യൂനപക്ഷങ്ങൾക്ക് ഇത് ബാധകമാക്കാതിരിക്കുക". (മാധ്യമം 4-6-95) ഏകീകൃത സിവിൽകോഡ് എന്ന ആശയം തന്നെ ന്യൂനപക്ഷ വിരുദ്ധമാണെന്ന് ന്യൂനപക്ഷമത-രാഷ്ട്രീയനേതാക്കൾ സമുദായത്തിലെ ബഹുഭൂരിപക്ഷത്തെയും വിശ്വസിപ്പിക്കുകയും മുസ്‌ലീം സമുദായത്തിനകത്ത് നിന്ന് ശക്തമായ പരിഷ്കരണ പ്രസ്ഥാനങ്ങൾ ഉയർന്നു വരാതിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ ഏകീകൃത സിവിൽകോഡിനു് വേണ്ടിയുള്ള ഇന്നത്തെ ചർച്ച ആരോഗ്യപരമായ രീതിയിൽ വളർത്തുന്നതു തന്നെ തികച്ചും ശ്രമാവഹമായ കാര്യമാണ്. ഇന്ത്യയിലെ ഗോത്രവർഗ്ഗ വിഭാഗങ്ങൾ, പ്രത്യേകിച്ചും വടക്കുകിഴക്കൻ ഇന്ത്യയിലെ നാഗന്മാരും മിസോകളും കുക്കികളും മററും തങ്ങളുടെ ഗോത്ര തനിമക്കും സ്വാതന്ത്ര്യത്തിനുംവേണ്ടി സായുധപോരാട്ടം തന്നെ നടത്തിക്കൊണ്ടിരിക്കുകയാണ്. ഭരണകൂടത്തിന്റെ തെററായ നയങ്ങൾ നിമിത്തം അവർ ഇന്ത്യയിൽ നിന്ന് അകന്നുകൊണ്ടിരിക്കുകയാണ്.

ഏകീകൃത സിവിൽകോഡിന്റെ അഭാവത്തിൽ ഇന്ത്യയിലെ വിവിധമത/ഗോത്രവിഭാഗങ്ങൾക്ക് വ്യത്യസ്തമായ വ്യക്തി നിയമങ്ങളാണുള്ളത്. ഭരണഘടനയുടെ 44-ാം ഖണ്ഡി

കയിൽ ഏകീകൃത സിവിൽകോഡിനെക്കുറിച്ചുള്ള പുരോഗമന പരമായ ആശയം സൂചിപ്പിക്കുമ്പോഴും ഇന്ത്യ പരമാധികാര റിപ്പബ്ളിക്കായി പ്രഖ്യാപിക്കപ്പെട്ട 45 വർഷം കഴിഞ്ഞിട്ടും ഏകീകൃത സിവിൽകോഡ് എന്ന പ്രഖ്യാപിത ലക്ഷ്യം ഒരു മരീചികയായിത്തന്നെയാണ് നിലനില്ക്കുന്നത്. ഇതിന്റെ കാരണംകൂടി നാം പരിശോധിക്കേണ്ടിയിരിക്കുന്നു. ബ്രിട്ടീഷ് കൊളോണിയൽ ഭരണം അവസാനിച്ചിട്ട് അരനൂറ്റാണ്ടായിട്ടും വിവിധ മേഖലകളിൽ ഭരണവർഗ്ഗങ്ങളുടെ മററ് പ്രഖ്യാപിത ലക്ഷ്യങ്ങളിലേക്ക് നാമെത്ര എത്തിക്കഴിഞ്ഞു എന്നുകൂടി പരിശോധിക്കേണ്ടതു് ഇത്തരുണത്തിലാവശ്യമാണ്. ഒരു കാർഷിക രാജ്യമായ ഇന്ത്യയിൽ 1947ന് ശേഷം സമഗ്രമായ ഭൂപരിഷ്കരണം നടപ്പാക്കിക്കൊണ്ട്, ജന്മി നാടുവാഴിത്ത അവശിഷ്ടങ്ങളെ തുടച്ചുനീക്കുന്നതിൽ നമ്മുടെ കഴിഞ്ഞകാല സർക്കാരുകൾ അമ്പേ പരാജയപ്പെട്ടിരിക്കുകയാണ്. ഇതു് കാർഷികമേഖലയുടെ തകർച്ചയിലേക്കും കർഷകരുടെ പാപ്പരീകരണത്തിലേക്കുമാണ് നയിച്ചുകൊണ്ടിരിക്കുന്നതു്. അതുപോലെതന്നെ സാമ്രാജ്യത്വത്തിന്റെ പുത്തൻ കൊളോണിയൽ നയങ്ങളുടെ ഫലമായി വ്യവസായ മേഖല തകർച്ചയെ നേരിടുകയും ബഹുരാഷ്ട്ര കുത്തകകളുടെയും മററ് വിദേശശക്തികളുടെയും ചൂഷണം ശക്തി പ്രാപിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസം, ആരോഗ്യം, സർവ്വീസ് മേഖല തുടങ്ങിയ സമസ്തമേഖലകളിലും സാമ്രാജ്യത്വത്തിന്റെ പുത്തൻ കൊളോണിയൽ ചൂഷണം തീവ്രതരമായിക്കൊണ്ടിരിക്കുന്നു. രാജ്യത്തിന്റെ ആഭ്യന്തര വൈദേശിക കടങ്ങൾ ഒന്നിച്ചു കൂട്ടിയാൽ ഏതാണ്ടൊമ്പതു ലക്ഷം കോടി കവിയും. സാമാന്യ ജനങ്ങൾക്ക് ഭക്ഷണം, തൊഴിൽ, പാർപ്പിടം എന്നിവ നൽകുന്നതിൽ ശ്രദ്ധേയമായ പുരോഗതി ഉണ്ടായിട്ടില്ലെന്നു് മാത്രമല്ല, തൊഴിലില്ലായ്മയും പട്ടിണിമരണങ്ങളും അനുദിനം വദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ഇത്തരം ഒരവസ്ഥയിൽ ബഹുജനങ്ങളുടെ വദ്ധിച്ചു വരുന്ന രോഷത്തെ തെററായ ദിശയിലേക്ക് തിരിച്ചു വിടാനാണ് ഭരണവർഗ്ഗങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നതു്. ജാതി, മതം, ഭാഷ, ദേശീയത, ലിംഗം എന്നിവയുടെ അടിസ്ഥാനത്തിൽ ഉയർന്നുവരുന്ന വൈരുദ്ധ്യങ്ങളെ ബോധപൂർവ്വം വളർത്താനും ജനങ്ങളെ ഭിന്നിപ്പിക്കാനുമാണ് സാമ്രാജ്യത്വശക്തികളും ഭരണവർഗ്ഗങ്ങളും

ശ്രമിച്ചുകൊണ്ടിരിക്കുന്നതു്. കൊളോണിയൽ കാലഘട്ടത്തിൽ ബ്രിട്ടീഷ് ഭരണാധികാരികൾ സ്വീകരിച്ച 'ഭിന്നിപ്പിച്ചുക. ഭരിക്കുക' എന്ന നയംതന്നെയാണ് ഇപ്പോഴും ഭരണാധികാരികൾ പിന്തുടരുന്നതു്. ഇന്ത്യയിലെ ഓരോ മത ദേശീയ വംശീയ വിഭാഗങ്ങളും മററും തങ്ങൾക്കു് മതത്തിന്റെയും വംശീയതയുടെയും മററും അടിസ്ഥാനത്തിൽ സ്വയം രാഷ്ട്രമാകാനുള്ള അവകാശമുണ്ടെന്നു് പ്രഖ്യാപിക്കുകയാണെങ്കിൽ ഇന്ത്യയുടെ നിലനില്പ് തന്നെ ചോദ്യം ചെയ്യപ്പെടുന്നതിലേക്കായിരിക്കും നയിക്കുക. ഖാലിസ്ഥാൻ വാദംപോലെ അപകടകരമായ വിഭാഗീയ പ്രസ്ഥാനങ്ങൾ ഇന്ത്യയിൽ വളർന്നുകൊണ്ടിരിക്കുകയാണ്.

എന്നാൽ ഇന്ത്യയിലെ ഭൂരിപക്ഷ വർഗ്ഗീയതയാകട്ടെ, ഇന്ത്യയെ ഒരു മതരാഷ്ട്രമാക്കിക്കൊണ്ടും എല്ലാ ന്യൂനപക്ഷ വിഭാഗങ്ങളെയും ഭൂരിപക്ഷ വർഗ്ഗീയതക്കു് കീഴ്പ്പെടുത്തിക്കൊണ്ടും ദേശീയോദ്ഗ്രഥനം നടത്താനും അഖണ്ഡഭാരതം സൃഷ്ടിക്കാനുമാണു് ഇന്നു് ശ്രമിക്കുന്നതു്. സാമ്രാജ്യത്വശക്തികൾ അഖണ്ഡതാവാദത്തെ ഒരു വശത്തു് പ്രോത്സാഹിപ്പിക്കുമ്പോൾ മറുവശത്തു് വിഘടനശക്തികൾക്കു് എല്ലാ ഒത്താശകളും ചെയ്തുകൊടുക്കുന്ന സ്ഥിതിവിശേഷമാണ് ഇന്ത്യയിൽ നമുക്കു് കാണാനാകുന്നതു്. 1947ൽ ഇന്ത്യാ വിഭജനത്തിന്റെ പുറകിൽ പ്രവർത്തിച്ച ശക്തികൾ തന്നെയാണ് എൺപതുകളിൽ വീണ്ടും ഖാലിസ്ഥാൻ സ്ഥാപിച്ചുകൊണ്ടു് മറെറാരു വിഭജനത്തിനായി കളമൊരുക്കിയതു്. ബഹുജനങ്ങളെ ഭിന്നിപ്പിക്കാനുള്ള എല്ലാ വിഭാഗീയ വിഘടന പ്രസ്ഥാനങ്ങളെയും സാമ്രാജ്യത്വ ശക്തികൾ പിൻതാങ്ങുന്നുണ്ടെന്നു് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇന്ത്യയുടെ സ്വാശ്രയത്വവും സ്വാതന്ത്ര്യവും പൂർണ്ണമായും അപകടപ്പെടുത്തിക്കൊണ്ടാണ് ഭരണവർഗ്ഗങ്ങൾ ഡബ്ല്യു. ടി. ഒ. ബാങ്ക്—നിധി എന്നിവയുമായി ബന്ധപ്പെട്ട് അതിന്റെ പുത്തൻ നയങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നതു്.

ഇന്ത്യയിലെ വ്യക്തിനിയമങ്ങൾ

ഇന്ത്യൻ ഭരണഘടനാ കർത്താക്കൾ വിഭാവനം ചെയ്ത രീതിയിൽ ഏകീകൃത സിവിൽകോഡ് നടപ്പാക്കുന്നതിൽ നാം പരാജയപ്പെട്ടുവെന്നു് അതിരുകടന്ന് വ്യാകുലപ്പെടുന്നവർ കടുക് ചോരുന്നതു് കാണുകയും ആന ചോരുന്നതു് കാ

ണാതിരിക്കുകയുമാണ് ചെയ്യുന്നതു്. സാമ്രാജ്യത്വത്തിന്റെ പുത്തൻ കൊളോണിയൽ ചൂഷണത്തിന്റെ ഫലമായി സമൂഹത്തിന്റെ സമസ്ത മേഖലകളും ജീർണ്ണതയേയും തകർച്ചയേയും നേരിട്ടുകൊണ്ടിരിക്കുമ്പോഴാ അതിനെക്കുറിച്ച് ആശങ്കപ്പെടാത്തവരാണ് 'ഏക സിവിൽകോഡ്' സ്ഥാപിക്കാനും ജമ്മുകാശ്മീരിന്റെ പ്രത്യേക അവകാശങ്ങൾ എടുത്തുകളഞ്ഞുകൊണ്ട് ദേശീയോദ്ഗ്രഥനം നടത്താനും തത്രപ്പെടുന്നതു്. ദേശീയവും മതപരവും ഭാഷാപരവും മററുമായ അങ്ങേയററം വൈജാത്യങ്ങൾ നിലനിൽക്കുന്ന നമ്മുടേതു് പോലുള്ള ഒരു പുത്തൻ കൊളോണിയൽ രാജ്യത്തു് സാമ്രാജ്യത്വത്തിനും, എല്ലാതരത്തിലുള്ള മുതലാളിത്ത പൂർവ്വബന്ധങ്ങൾക്കും എതിരായുള്ള സമരത്തിലൂടെ മാത്രമേ എല്ലാവിധ സാമൂഹ്യ അസമത്വങ്ങളേയും നിർമ്മാർജ്ജനം ചെയ്തുകൊണ്ട് സമൂഹത്തെ ജനാധിപത്യവൽക്കരിക്കാനാകുകയുള്ളു. ഇത്തരമൊരു ജനാധിപത്യവൽക്കരണത്തിന്റെ ഭാഗമായിട്ട് മാത്രമേ ഏകീകൃത സിവിൽകോഡ് നടപ്പാക്കാനാകുകയുള്ളു. ബ്രിട്ടീഷ് കൊളോണിയൽ വാഴ്ചയ്ക്കും ജന്മി നാടുവാഴിത്തത്തിനും സവർണ്ണമേധാവിത്തത്തിനും എതിരെ ഒരു നൂററാണ്ടുകാലത്തിലേറെ നടന്ന സമരത്തിന്റെ ഫലമായാണ് ഇന്ത്യയിൽ സിവിൽകോഡുകൾ പലതും പരിഷ്ക്കരിക്കപ്പെട്ടതു്. ഇന്ത്യയിലെ നവോത്ഥാന പ്രസ്ഥാനവും അതിന്റെ ഭാഗമായി വളർന്നുവന്ന നിരവധി പരിഷ്ക്കരണ പ്രസ്ഥാനങ്ങളുമാണ് പ്രാകൃതവും കിരാതവുമായ ദായക്രമങ്ങളേയും വിവാഹ കുടുംബനിയമങ്ങളേയും മററും മാററിത്തീർത്തതു്. പഴയ സ്മൃതികളുടേയും മററും പവിത്രത ചോദ്യം ചെയ്തുകൊണ്ട് വിവിധ മതവിഭാഗങ്ങൾക്കിടയിലും ജാതികൾക്കിടയിലും നിരവധി പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ ഇന്ത്യയിലങ്ങോളമിങ്ങോളം ഇക്കാലയളവിൽ ഉണ്ടായിട്ടുണ്ട്. ഇതിന്റെയെല്ലാം ഫലമായിട്ട് കൂടിയാണ് ഇന്ത്യൻ ഭരണഘടനയിൽ ഏകീകൃത സിവിൽകോഡെന്ന പുരോഗമനാശയം മുന്നോട്ടുവെക്കപ്പെട്ടതു്. തുടർന്നു് 1950 കളിൽ മേൽസൂചിപ്പിച്ച പരിഷ്ക്കരണങ്ങളുടെയെല്ലാം ക്രോഡീകരണമെന്ന നിലയിൽ ഹിന്ദു സിവിൽകോഡ് രൂപംകൊണ്ടതു്.

വിവിധ തരത്തിലുള്ള വ്യക്തിനിയമങ്ങളാണ് ഇന്ത്യയിൽ ഇന്നു് നിലനില്ക്കുന്നതു്. സിക്ക് ജൈന ബുദ്ധ മതക്കാർക്കു കൂടി ബാധകമായ ഹിന്ദു വ്യക്തിനിയമം, നാട്ടാചാര നിയ

മങ്ങൾ, എല്ലാ ഗോത്രവിഭാഗങ്ങൾക്കും ബാധകമായ നിയമങ്ങൾ, ക്രിസ്ത്യൻ, പാഴ്സി, മുസ്ലീം, ജൂത വ്യക്തിനിയമങ്ങൾ എന്നിവയാണ് ഇന്ത്യയിൽ ഇന്ന് നിലനിൽക്കുന്ന വ്യത്യസ്ത സിവിൽകോഡുകൾ. മേല്പറഞ്ഞ സിവിൽകോഡുകൾ നിലനിൽക്കെ ഏകീകൃത സിവിൽകോഡെന്ന ദീർഘകാല പുരോഗമന ലക്ഷ്യത്തിലേക്ക് നമുക്കെത്തിച്ചേരാനാവുണമെങ്കിൽ സമൂഹത്തെ ജനാധിപത്യവൽക്കരിക്കുന്ന പ്രക്രിയ മുന്നോട്ടുകൊണ്ടുപോകുന്നതുവഴി മാത്രമേ സാദ്ധ്യമാകുകയുള്ളുവെന്ന് ആദ്യമേ നമ്മുടെ പരിശോധനയിൽ വ്യക്തമായതാണല്ലോ. ഏകീകൃത സിവിൽകോഡ് മത സ്വാതന്ത്ര്യത്തിന് നേർക്കുള്ള കയ്യേറ്റമായിട്ടും മതസ്വാതന്ത്ര്യത്തിന് നേർക്കുള്ള ഭരണഘടനാ വകുപ്പിന്റെ ലംഘനമായിട്ടും ന്യൂനപക്ഷ മതദ്രോഹമായിട്ടും ഒരു വിഭാഗം ചിത്രീകരിക്കുമ്പോൾ ഈ വിമർശനങ്ങളെ സാധൂകരിക്കുന്ന രീതിയിൽ ഭൂരിപക്ഷ വർഗ്ഗീയവാദികൾ ഹിന്ദു സിവിൽകോഡ് മുഴുവൻ ഇന്ത്യക്കാർക്കും ബാധകമാക്കണമെന്ന നിലപാടാണ് മുന്നോട്ടുവെക്കുന്നത്. ഒരു മതനിരപേക്ഷ സമൂഹത്തിന്റെ സൃഷ്ടിയുമായി ബന്ധപ്പെട്ടുകൊണ്ട് മാത്രമേ ഏകീകൃത സിവിൽകോഡിന് നിലനിൽക്കാനാകുകയുള്ളു.

ഹിന്ദു സിവിൽകോഡിന്റെ പശ്ചാത്തലം

ജാതിഭേദത്തിലും ലിംഗഭേദത്തിലും അടിയുറച്ചു നിന്ന പഴയ സമുദായത്തെ മാററിത്തീർക്കാനുള്ള നവോത്ഥാന പ്രസ്ഥാനങ്ങളുടേയും നിരവധി പുരോഗമന ജനാധിപത്യ പ്രസ്ഥാനങ്ങളുടേയും ശ്രമഫലമായാണ് 1950 കളിൽ ഹിന്ദു സിവിൽകോഡ് രൂപം കൊള്ളുന്നത്. ഹിന്ദു സിവിൽകോഡ് രൂപം കൊണ്ടതിന്റെ ചരിത്രം മനസ്സിലാക്കാതെ ചിലർ ഹിന്ദു സിവിൽകോഡ് ഹിന്ദുത്വവാദികളുടെ സൃഷ്ടിയാണെന്ന് പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതാണിപ്പോൾ പൊതു സിവിൽകോഡായി അവതരിക്കാൻ പോകുന്നതെന്നുകൂടി ഇവർ പ്രചരണം നടത്തുന്നത്. ഇത് ഫലത്തിൽ ഹിന്ദു സിവിൽകോഡ് ഹിന്ദുത്വവാദികൾക്ക് സ്വന്തമായി അവകാശപ്പെടാനുള്ള അവസരം സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. ജാതി ലിംഗ ഭേദങ്ങൾ പരിഹരിക്കുക എന്നതാണ് ഹിന്ദു സിവിൽകോഡിന്റെ സൃഷ്ടികളിൽ ഒരുവിഭാഗം ലക്ഷ്യമിട്ടിരുന്നത്.

ഹിന്ദു വിവാഹനനിയമം (1955) ഹിന്ദു പിന്തുടച്ച്ാവകാശനിയമം (1956) ഹിന്ദു മൈനോറിററി. രക്ഷാകർത്തൃത്വ നിയമം (1956), ഹിന്ദു ദത്തു് സംരക്ഷണനിയമം (1956) എന്നിവയാണ് മുഖ്യമായും ഹിന്ദു നിയമങ്ങൾ എന്നപേരിൽ അറിയപ്പെടുന്നതു്. വ്യത്യസ്ത ജാതി വിഭാഗങ്ങൾക്കിടയിൽ ഏകീകൃതമായ നിയമങ്ങൾ ഇല്ലാതിരിക്കുകയും സ്ത്രീകൾക്കും അധഃസ്ഥിത പിന്നോക്ക ജാതികൾക്കും മററും പൊതുവിലും നീതി നിഷേധിക്കുന്ന രീതിയിലുമായിരുന്നു പഴയ നിയമങ്ങൾ. അതുകൊണ്ടു് തന്നെ ഇവ പഴയ നിയമങ്ങളുടെ നിഷേധവും പല പാരമ്പര്യങ്ങളേയും അനാചാരങ്ങളേയും ചോദ്യം ചെയ്യുന്നവയുമായിരുന്നു. ഹിന്ദു കൂട്ടുകുടുംബഭാഗം സംബന്ധിച്ച നിയമം, കടങ്ങളേയും അന്യാധീനപ്പെടുത്തലിനേയും സംബന്ധിച്ച നിയമം, വിൽപ്പത്രങ്ങൾ, ഇഷ്ടദാനങ്ങൾ മുതലായ മുൻ ഹിന്ദുനിയമത്തിൻെറ മററു വിഭാഗങ്ങൾ പുതിയ നിയമത്തിലും പഴയതുപോലെ തുടരുന്നുണ്ടു്. ഈ നിയമങ്ങൾ പൊതുവെ പഴയ ഹിന്ദുനിയമത്തെ ഭേദഗതിചെയ്യുകയും ക്രോഡീകരിക്കുകയും അവയ്ക്കിണങ്ങാത്ത സ്മൃതികളിലേയും മററും അനുശാസനങ്ങളേയും ആചാരങ്ങളേയും റദ്ദാക്കുകയും ചെയ്യുന്നു.

നൂററാണ്ടു് മുമ്പേ തന്നെ ബ്രിട്ടീഷ് ഇന്ത്യയിലും നാട്ടുരാജ്യങ്ങളിലും മററുമായി നിരവധി പ്രക്ഷോഭ സമരങ്ങളുടേയും മററും ഫലമായി രൂപംകൊണ്ട നിയമങ്ങളുടെ ക്രോഡീകരണമാണ് അമ്പതുകളിലെ നിയമമെന്നു് പൊതുവെ പറയാവുന്നതാണ്. രാജാറാം മോഹൻറോയിയുടേയും മററും നേതൃത്വത്തിൽ സതിനിരോധനം, വിധവാ പുനർവിവാഹം, ശൈശവവിവാഹ നിരോധനം തുടങ്ങിയ ആവശ്യങ്ങൾക്കുവേണ്ടി നടത്തിയ പോരാട്ടങ്ങളുടെ സൃഷ്ടിയാണ് 1929-ലെ ബംഗാൾ സതിനിയന്ത്രണ നിയമം. 1850 ലെ മതസ്വാതന്ത്ര്യ നിയമം ഈ ദിശയിൽത്തന്നെയുള്ള പ്രധാന നിയമങ്ങളിലൊന്നാണ്. കേരളത്തിലും (പഴയ തിരുവിതാംകൂർ-കൊച്ചി-മലബാർ പ്രദേശത്തു്) ഇത്തരം നിരവധി നിയമങ്ങൾ ഉണ്ടായിട്ടുണ്ടു്. 1696-ൽ കോട്ടയം രാജവംശത്തിലെ കേരളവർമ്മ 'പുലപ്പേടിയും' 'മണ്ണാപ്പേടിയും' നിർത്തലാക്കാൻ കൈക്കൊണ്ട നടപടിയാണ് അനാചാരങ്ങൾക്കെതിരെയുള്ള ആദ്യത്തെ നിയമമായി ചൂണ്ടിക്കാട്ടപ്പെടുന്നതു്. 1854 ൽ ദിവാൻ ശങ്കരവാരിയരുടെ കാലത്തു് കൊച്ചി രാജ്യത്തു് അടിമത്തം അവസാനിപ്പി

കുന്ന വിളംബരമുണ്ടായി. തുടർന്ന് ഇത്തരം നിയമങ്ങൾ തിരുവിതാംകൂറിലും മററുമുണ്ടായി. 1859-ൽ തെക്കൻ തിരുവിതാംകൂറിൽ ചാന്നാർ സ്ത്രീകൾക്ക് മാറുമറയ്ക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി രൂക്ഷമായുള്ള പ്രക്ഷോഭം നടക്കുകയുണ്ടായി. ആ വർഷം ജൂലായ് 26 ന് രാജാവ് ഒരു വിളംബരംവഴി ചാന്നാർ സ്ത്രീകൾക്ക് മാറുമറയ്ക്കാനുള്ള സ്വാതന്ത്ര്യം നൽകി. 19-ാം നൂററാണ്ടോടുകൂടി ദയാനന്ദസരസ്വതി, വിവേകാനന്ദൻ, ജ്യോതിബാഫുലെ, ശ്രീനാരായണഗുരു, വാഗ്ഭടാനന്ദൻ, ബ്രഹ്മാനന്ദസ്വാമി ശിവയോഗി തുടങ്ങിയവരുടെ നേതൃത്വത്തിൽ വിവിധ നവോത്ഥാന പ്രസ്ഥാനങ്ങൾ രൂപംകൊള്ളുകയുണ്ടായി. എൻ എസ് എസ്, എസ് എൻ ഡി പി തുടങ്ങിയ സംഘടനകളുടെ രൂപീകരണത്തിൻെറ ഘട്ടത്തിൽ പുത്തൻ ദായക്രമങ്ങളടക്കം നിരവധി പരിഷ്ക്കരണങ്ങൾക്ക് വേണ്ടി അവ വാദിക്കുകയുണ്ടായിട്ടുണ്ട്. ഇത്തരം ഒരു പശ്ചാത്തലത്തിലാണ് ഹിന്ദുസമുദായത്തിനകത്ത് ഇന്നത്തെ രീതിയിലുള്ള സിവിൽകോഡ് രൂപം കൊണ്ടതു്.

ഇന്ത്യൻ ഭരണഘടനാ ശിൽപ്പിയായി അറിയപ്പെടുന്ന ഡോ: അംബേദ്കറുടേയും നെഹ്റുവിൻേറയും മററും നേതൃത്വത്തിൽ 1952 ന് മുൻപ്തന്നെ ഹിന്ദു സിവിൽകോഡ് ബില്ല് പാസ്സാക്കാനുള്ളശ്രമം നടക്കുകയുണ്ടായി. പക്ഷേ, ഇൻഡ്യൻ പ്രസിഡണ്ടായിരുന്ന രാജേന്ദ്രപ്രസാദടക്കം ഇന്ത്യയിലെ ഹിന്ദു യാഥാസ്ഥിതിക വിഭാഗം ഇതിനെ തടയുകയാണുണ്ടായതു്. ഹിന്ദുസമുദായത്തിനകത്തുനിന്നു് തന്നെ പുതിയ പരിഷ്ക്കരണങ്ങൾക്ക് വേണ്ടി ശക്തമായ അഭിപ്രായം ഉയർന്നുവരികയും നിയമനിർമ്മാണത്തിന് വേണ്ടി സംഘടിതമായ നീക്കം നടത്തുകയും ചെയ്യപ്പോൾ മാത്രമാണ് ഇനിയും നിരവധി പരിഷ്ക്കരണങ്ങൾക്ക് വിധേയമാകേണ്ട ഇന്നത്തെ നിയമം തന്നെ രൂപംകൊണ്ടതു്.

ഇതെല്ലാം ചൂണ്ടിക്കാണിക്കുന്നതു് ഇന്ത്യയിൽ നിലവിലുള്ള വ്യക്തി നിയമങ്ങൾ തന്നെ സമൂഹത്തിനകത്ത് ഉയർന്നുവന്ന നവോത്ഥാന പ്രസ്ഥാനങ്ങളുടേയും മററും ഫലമായി സൃഷ്ടിച്ച അനുകൂലമായ സാമൂഹ്യാന്തരീക്ഷത്തിൻെറ സൃഷ്ടിയാണെന്നാണ്. വിവിധ മതവിഭാഗങ്ങളിൽപ്പെട്ട ഭൂരിപക്ഷം വരുന്ന ജനങ്ങളുടെ അംഗീകാരത്തോടെ മാത്രമേ ഏകീകൃത സിവിൽകോഡ് പോലെയുള്ള നിയമങ്ങൾ നടപ്പാക്കാനാകു

കയുള്ള. ഏകീകൃത സിവിൽകോഡ് പോലെ തന്നെ ജാതി സംവരണത്തെ സംബന്ധിച്ചും ഇത്തരം പ്രശ്നങ്ങൾ സവർണ്ണമേധാവികളും മററ് പ്രതിലോമകാരികളും ഉന്നയിച്ചു കഴിഞ്ഞിട്ടുണ്ട്. ബ്രിട്ടീഷ് ഭരണം അവസാനിച്ചിട്ട് അരനൂററാണ്ടോളമായിട്ടും സംവരണം തുടരുന്നതിൻെറ സാംഗത്യം ഇവർ ചോദ്യം ചെയ്തിരിക്കുകയാണ്. സാമൂഹ്യമായ അടിച്ചമർത്തൽ ഇല്ലാതാക്കുകയും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്നവർക്ക് സമൂഹത്തിൻെറ പൊതുധാരയ്ക്കൊപ്പം മുന്നോട്ട് വരാൻ കഴിയുന്നതുവരെ സംവരണമെന്ന ജനാധിപത്യാവകാശം നിലനിൽക്കേണ്ടതു് തികച്ചും ആവശ്യമാണ്. സമൂഹത്തിൻെറ ജനാധിപത്യവൽക്കരണം വഴി മാത്രമാണ് ഇവയ്ക്ക് പരിഹാരം കാണാനാവുക. ഇന്ത്യയിൽ നെഹ്രു മുതൽ റാവുവരെയുള്ള കോൺഗ്രസ് ഭരണം പരിശോധിച്ചാൽ സമൂഹത്തെ ജനാധിപത്യവൽക്കരിക്കുവാനുള്ള നയസമീപനങ്ങളല്ല ഇവർ പിൻതുടർന്നുവന്നിരുന്നതെന്നു് കാണാവുന്നതാണ്. കഴിഞ്ഞ നാലു പതിററാണ്ടു കാലത്തിലേറെയുള്ള പുത്തൻകൊളോണിയൽ ഭരണം സതി ഉൾപ്പെടെയുള്ള ക്രൂരമായ അനാചരങ്ങളെ പുനർജീവിപ്പിക്കാനും സൂഹത്തെ വർഗ്ഗീയവൽക്കരിക്കുന്നതിനും മററുമാണ് പലപ്പോഴും ശ്രമിച്ചിട്ടുള്ളതെന്നു് കാണാവുന്നതാണ്.

സി. പി. ഐ (എം) പോലുള്ളവരുടെ നിലപാട്

ഭരണവർഗ്ഗ പാർട്ടികളിൽ നിന്നും വ്യത്യസ്തമായിതങ്ങൾക്ക് ഈ വിഷയങ്ങളിൽ നിലപാടുകളുണ്ടെന്നു് അവകാശപ്പെടുന്ന സി പി ഐ (എം) പോലെയുള്ള പാർട്ടികൾ എടുക്കുന്ന നിലപാടുകൾ പലപ്പോഴും താൽക്കാലിക തെരഞ്ഞെടുപ്പ് ലക്ഷ്യങ്ങളെ മാത്രം ലാക്കാക്കി ഉള്ളതാണ് എന്നു് പറയേണ്ടിയിരിക്കുന്നു. ഏകീകൃത സിവിൽകോഡിനെ സംബന്ധിച്ച സുപ്രീംകോടതിയുടെ പരമാർശം ന്യായാധിപന്മാരുടെ വ്യക്തിപരമായ അഭിപ്രായപ്രകടനം മാത്രമാണെന്നു് കാണാതെ സി. പി. ഐ. (എം) പൊളിററ്ബ്യൂറോ ഇതിനെ കോടതി വിധിയായി കണ്ട് ധൃതിപിടിച്ച് സ്വാഗതം ചെയ്യുകയാണുണ്ടായതു്. ഏതെങ്കിലുമൊരു നിയമനിർമ്മാണത്തിനു് ഗവൺമെൻറിനോടാവശ്യപ്പെടാൻ കോടതികൾക്ക് അധികാരമില്ലെന്നു് ഇവിടത്തെ നിയമജ്ഞർ തന്നെ ചൂണ്ടിക്കാട്ടി

യിരിക്കുകയാണ്. അതുപോലെ തന്നെ ഇന്നത്തെ കോടതികളുടെ നിഷ്പക്ഷതയെക്കുറിച്ച് ബൂർഷ്വാ ജനാധിപത്യവാദികൾ കൂടി സംശയങ്ങൾ ഉയർത്തുന്ന സന്ദർഭത്തിൽ ഏകീകൃത സിവിൽകോഡിനെ സംബന്ധിച്ച വിധിയെ സി. പി. ഐ. (എം) പോലുള്ള പാർട്ടികൾ ഏകപക്ഷീയമായി ഉയർത്തിപ്പിടിച്ചതു് നിസ്സംശയമായും ഗുരുതരമായ തെററാണ്. ഷബാനു കേസ് (ജീവനാംശം) സംബന്ധിച്ചും വിവാദങ്ങൾ ഉയർന്നുവന്ന സന്ദർഭത്തിൽ സി. പി. ഐ (എം) എടുത്ത നിലപാടിനെ എല്ലാ ജനാധിപത്യ പുരോഗമന ശക്തികളും എതിർത്തിട്ടുണ്ട്. അന്നു് ജീവനാംശ പ്രശ്നവുമായി ബന്ധപ്പെട്ടുകൊണ്ട് ന്യൂനപക്ഷ വർഗ്ഗീയതയെ ആഞ്ഞടിച്ചുകൊണ്ട് ഭൂരിപക്ഷ സമുദായത്തിൻെറ വോട്ടുകൾ നേടിയെടുക്കാനാണ് സി. പി. ഐ. (എം) നേതൃത്വം പൊതുവിൽ ശ്രമിച്ചതു്. ഇതിനു് കാരണം ഇവരുടെ 15-ാം പാർട്ടി കോൺഗ്രസ്സ് ചൂണ്ടിക്കാണിക്കുന്നതു പോലെ നേതൃത്വത്തിലൊരു വിഭാഗത്തിൻെറ പാർലമെൻററി വ്യാമോഹം മാത്രമായി ചുരുക്കിക്കണ്ടുകൂടാ.

കേരളത്തിലും മററും ദശലക്ഷങ്ങളുടെ പിന്തുണയുള്ള സി. പി ഐ. (എം) നെപ്പോലെയുള്ള പാർട്ടികൾ പിന്തുടരുന്ന തെററായ നയങ്ങളെ വർഗ്ഗീയ പിന്തിരിപ്പൻ ശക്തികൾ അവരുടെ വളർച്ചയ്ക്കു് വെള്ളവും വളവും ആക്കുകയാണ് ചെയ്യുന്നതു്

ഇന്ത്യയിലെ വിപ്ലവ പുരോഗമന പ്രസ്ഥാനങ്ങൾക്ക് ശരിയായ നേതൃത്വം വളർത്തി വികസിപ്പിക്കുന്നതിനു് സി. പി. ഐ. (എം) ൻെറയും മററും നിലപാടുകളെ എതിർത്തു് പരാജയപ്പെടുത്തേണ്ടതുണ്ട്.

ഇന്ത്യയിലെ ന്യൂനപക്ഷ മതവിഭാഗങ്ങൾക്കിടയിൽ നിന്നുതന്നെ ശക്തമായ പുരോഗമന പ്രസ്ഥാനങ്ങൾ ഉയർന്നുവന്നുകൊണ്ടിരിക്കുന്നുണ്ട്. കേരളത്തിലും ഇതിൻെറ പ്രകടമായ ദൃഷ്ടാന്തങ്ങൾ ഇന്നു് നമുക്ക് ചൂണ്ടിക്കാണിക്കാനാകും.

ഇന്നത്തെ കടമ

മുസ്ലീംസമുദായത്തിനകത്തു് അഖിലേന്ത്യാതലത്തിൽ തന്നെ മുസ്ലീം വ്യക്തിനിയമങ്ങൾ പരിഷ്കരിക്കുന്നതിനു് വേണ്ടി ചില ഉല്പതിഷ്ണുക്കൾ മുന്നോട്ട് വന്നുകഴിഞ്ഞിട്ടുണ്ട്.

1937-ലെ മുസ്ലീം വ്യക്തി നിയമം, 1939-ലെ മുസ്ലീം വിവാഹ ഭഞ്ജനനിയമം, 1954ലെ വഖഫ് ആക്ട് എന്നിവ പരിഷ്കരിക്കുന്നതിനുവേണ്ടിയും മററും അസ്ഗർ അലി എഞ്ചിനീയറെപ്പോലെയുള്ള ഉന്നതരായ ചിന്തകർ രംഗത്തുവന്നു് കഴിഞ്ഞിട്ടുണ്ട്. കേരളത്തിലും എൻ. പി. മുഹമ്മദിനെപോലെയുള്ള സാംസ്കാരിക നായകന്മാരും മററും ഈ ദിശയിൽ വർഷങ്ങളായി സമരം ചെയ്തുകൊണ്ടിരിക്കുകയാണ്. ക്രിസ്ത്യൻ സമുദായത്തിനകത്തു്, പിന്തുടർച്ചാവകാശ നിയമ ഭേദഗതിയ്ക്കുവേണ്ടിയും മററും സമരങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. കേരളത്തിൽ പിന്തുടർച്ചാവകാശനിയമത്തിനുവേണ്ടി മേരി റോയിയെപ്പോലെയുള്ളവർ ഒററയ്ക്കു് നടത്തിക്കൊണ്ടിരുന്ന സമരം ക്രിസ്ത്യൻ വിഭാഗങ്ങൾക്കിടയിൽതന്നെ എല്ലാ പുരോഗമന വിഭാഗക്കാരുടെയും പിന്തുണ നേടിക്കൊണ്ടിരിക്കുകയാണ്. ചില സ്ത്രീസംഘടനകളും പുരോഹിതന്മാരും കന്യാസ്ത്രീകളും മററും ഇതിനായി പ്രക്ഷോഭ രംഗത്തു് വന്നുകഴിഞ്ഞിരിക്കുന്നു. നമ്മുടെ രാജ്യത്തെ എല്ലാ വിപ്ലവ പുരോഗമന ശക്തികളും ന്യൂനപക്ഷ മത വിഭാഗങ്ങൾക്കിടയിൽ നിന്നു് ഇന്നു് ഉയർന്നു വന്നുകൊണ്ടിരിക്കുന്ന ഇത്തരം പുരോഗമന നീക്കങ്ങളെ സർവ്വവിധേനയും സഹായിക്കുകയും മുന്നോട്ടുകൊണ്ടുപോകുകയും ചെയ്യേണ്ടതുണ്ട്.

വിപ്ലവപ്പാർട്ടികളും അവയുടെ രാഷ്ട്രീയ നേതൃത്വത്തിൻ കീഴിലുള്ള തൊഴിലാളി കർഷക സംഘടനകളും മററു ബഹുജനസംഘടനകളും പ്രത്യേകിച്ച് വനിതാസംഘടനകളും ഇതിനുവേണ്ടി കഠിനമായി പ്രവർത്തിക്കേണ്ടതുണ്ട്. ഇന്ത്യയിലെ മത ഭാഷാ ന്യൂനപക്ഷങ്ങൾക്കും തങ്ങളുടെ മതവും ഭാഷയും മററും ആചരിക്കാനും ഉപയോഗിക്കാനും മററുമുള്ള എല്ലാ അവകാശങ്ങളും നിലനിർത്തിക്കൊണ്ട് സമൂഹത്തെ ജനാധിപത്യവൽക്കരിക്കാനും അതിന്റെ ഭാഗമായി പൊതു സിവിൽകോഡെന്ന ദീർഘകാല ലക്ഷ്യം ഉയർത്തിപ്പിടിക്കാനും നാം രംഗത്തിറങ്ങണം.

അതേ സമയം ഇന്നു് ഏകീകൃത സിവിൽകോഡ് മുകളിൽ നിന്നും അടിച്ചേല്പിക്കാനുള്ള ഭരണകൂടത്തിന്റെയും ഹിന്ദു വർഗ്ഗീയ വാദികളുടെയും നീക്കങ്ങളെ നാം നഖശിഖാന്തം എതിർക്കേണ്ടതുണ്ട്. ഇവരുടെ അടിച്ചേല്പിക്കൽ നയം സമൂഹത്തെ കൂടുതൽ വർഗ്ഗീയമായി ഭിന്നിപ്പിക്കുന്നതിനും സമൂഹത്തിന്റെ ജനാധിപത്യവൽക്കരണത്തെ തടയുന്നതിനും മാത്രമേ ഉപകരിക്കു

കയുള്ള. സമൂഹത്തെ ജനാധിപത്യവൽക്കരിക്കുന്നതിനുവേണ്ടി ജാതി-മത-വർഗ്ഗീയ ശക്തികളടക്കമുള്ള പിന്തിരിപ്പൻ വിഭാഗങ്ങളെയും അവയുടെ കുത്സിത നീക്കങ്ങളെയും ചെറുക്കുന്നതിനും രാജ്യത്തെ ഇന്നത്തെ അതിന്റെ പുത്തൻകൊളോണിയൽ അടിമത്തത്തിൽ നിന്നു വിമോചിപ്പിക്കുന്നതിനും നാം രംഗത്തിറങ്ങേണ്ടതുണ്ട്. ഈ പോരാട്ടങ്ങളിലൂടെ ഒരു മതേതര ജനാധിപത്യ സമൂഹമായി രാജ്യത്തെ ഏകീകരിച്ചുറപ്പിക്കുകയും അതിന്റെ ഭാഗമായി പൊതു സിവിൽ കോഡടക്കം നിലവിൽ വരുത്തുകയുമെന്ന ദീർഘകാല ലക്ഷ്യം വെച്ച് പ്രവർത്തിക്കുകയാണിന്ന് പുരോഗമന ശക്തികളുടെ കടമ.

26-7-95

സി. പി. ഐ (എം. എൽ) റെഡ് ഫ്ളാഗ്
കേരള സംസ്ഥാനകമ്മററി

ഏകീകൃത സിവിൽകോഡും ജനാധിപത്യ ശക്തികളും

സി. പി. ഐ (എം. എൽ) റെഡ്ഫ്ളാഗ്

വില: 2 രൂപ

അച്ചടി: കോമ്രേഡ് പ്രിന്റേഴ്സ്
തൈക്കാട്ടുശ്ശേരി പി. ഒ, തൃശ്ശൂർ-680 322